**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 817 04-03-2020 ലെ മറുപടി**

<u>പി.എം.കെ.എസ്.വൈ. പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിക്കായി പ്രതിവർഷം സംസ്ഥാനത്തിന് അനുവദിച്ച തുകയും ഓരോ വർഷവും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ് 2 കാര്യാലയത്തിനു കീഴിൽ മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ PMKSY - CADWM പദ്ധതി നടപ്പിലാക്കുന്നുണ്ട്. CADWM പദ്ധതിയിൽ നാളിതുവരെ 99 ലക്ഷം രൂപ കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്. 2020 ജനുവരി വരെ സംസ്ഥാന വിഹിതം ഉൾപ്പെടെ ആകെ 11.04 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ CADWM ന് തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ ഈ കാലയളവിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്നില്ല.<br>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുന്ന FMP (Food Management Programme) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കു 2018-19, 2019-20 വർഷങ്ങളിൽ 4711-01-103-86-PMKSY-Kuttanad Flood Management Component 50% CSS എന്ന ശീർഷകത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത FMP പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ ഫണ്ട് വകയിരുത്തുകയും ആയതിൽ നിന്നും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>ഭൂജലവികസനം 60%-ത്തിൽ താഴെ മാത്രം എത്തിനിൽക്കുന്ന സുരക്ഷിതവിഭാഗത്തിൽ ഉൾപ്പെട്ട 106 ബ്ലോക്കുകളിലെ ചെറുകിട നാമമാത്ര കർഷകർക്ക് PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജലാധിഷ്ഠിത ജലസേചന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള DPR തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിക്ക് അനുവദിച്ച ഫണ്ട് ചെലവഴിക്കുന്നതിൽ സംസ്ഥാനം വളരെ പിന്നിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ് 2 കാര്യാലയത്തിനു കീഴിൽ PMKSY - CADWM പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്ര ഫണ്ട് പൂർണ്ണമായും പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.<br>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2018 മാർച്ചിൽ കേന്ദ്രവിഹിതമായി 19.92 കോടി രൂപ ലഭിച്ചിട്ടുണ്ട്.<br>മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിൽ PMKSY പദ്ധതിയിലെ മാനദണ്ഡങ്ങൾ ലഘൂകരിച്ചിട്ടുള്ളതുമൂലം ടി ജില്ലകളിൽ നിന്നുള്ള പ്രവൃത്തികൾ PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ ഫണ്ട് ലഭ്യമാകുന്നതിന് പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ് 2 കാര്യാലയത്തിനു കീഴിൽ 2019-20 ൽ 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിലേക്ക് 2.702 ഹെ. സ്ഥലത്ത് ജലലഭ്യതയ്ക്കായി 9.71 കോടി രൂപയുടെ CADA പ്രവൃത്തികൾക്കായുള്ള പ്രൊപ്പോസൽ CWC യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>സംസ്ഥാന ബഡ്ജറ്റിൽ നിന്നും ചെലവഴിച്ചതിന് ആനുപാതികമായ തുക കേന്ദ്രവിഹിതം റീ ഇംപേഴ്സ്മെന്റായിട്ടാണ് ലഭ്യമാകുന്നത്. ആയത് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കുട്ടനാട് പാക്കേജ് ചീഫ് എൻജിനീയർ കേന്ദ്ര മന്ത്രാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ട്.<br>കുട്ടനാട്ടിൽ നടപ്പിലാക്കുന്നത് FMP സ്കീം ആണ്. |

സെക്ഷൻ ഓഫീസർ